LIBRARY ARCHIVES Kerala Legislative Assembly

പഴശ്ശി കോവിലകം സ്മാരകമാക്കുന്നതിന്റെ നടപടിക്രമം

131 (3893) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാവൂർ നിയോജക മണ്ഡലത്തിൽപ്പെടുന്ന പഴശ്ശിരാജാവിന്റെ കോവിലകമായിരുന്ന പഴശ്ശി കോവിലകം സ്മാരകമായി സംരക്ഷിക്കുന്നതിന് സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പഴശ്ശി കോവിലകം സർക്കാർ ഏറ്റെടുക്കുന്നതിന്റെ നടപടിക്രമം ഏതുവരെയായെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിൽ പഴശ്ശി വില്ലേജിൽ സ്ഥിതി ചെയ്യുന്ന പഴശ്ശികോവിലകത്തെ 1963-ലെ കേരള പ്രാചീനസ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ടുപ്രകാരം സംരക്ഷിത സ്മാരക മാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) പഴശ്ശികോവിലകത്തെ സംരക്ഷിത സ്മാരകമായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുന്നതിലേയ്ക്ക് വറന്യൂ വിശദവിവരവും സ്കെച്ചും പ്ലാനും ലഭ്യമാക്കിട്ടുണ്ട്. താമസംവിനാ പ്രാഥമിക വിജ്ഞാപനം പുറപ്പെടു വിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതാണ്.

ഫോക്ലോർ അക്കാദമി

132 (3894) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുന്ന ഫോക്ലോർ അക്കാദമിയുടെ പ്രവർത്തനങ്ങളും പദ്ധതികളും എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(ബി) നാടൻകലകളുടേയും കലാകാരൻമാരുടെയും പരിപോഷണത്തിനായി ഫോക് ലോർ അക്കാദമി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദീകരിക്കുമോ ;

(സി) ഗവേഷണ വിദ്യാർത്ഥികൾക്കും വിദേശികൾക്കും ഫോക് ലോർ അക്കാദമിയിൽ ഗവേഷണത്തിനായി എന്തൊക്കെ സൗകര്യങ്ങളാണ് നിലവിലുള്ളത് ; ഇനി എന്തൊക്കെ സംവിധാനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ ;

(ഡി) ഫോക് ലോർ അക്കാദമി നടത്തിപ്പിന് നിലവിൽ ഏതെങ്കിലും സമിതിയുണ്ടോ ; എങ്കിൽ ആരൊക്കെയാണ് അംഗങ്ങൾ ;

(ഇ) ഫോക്ലോർ അക്കാദമിയിൽ ലൈബ്രറിയും മതിയായ സ്റ്റാഫിനെയും സൃഷ്ടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(എഫ്) ലൈബ്രറി എപ്പോൾ പ്രവർത്തനയോഗ്യമാക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേരളത്തിന്റെ ഫോക്‌ലോർ പാരമ്പര്യം, നാടൻകലാ പൈതൃകം എന്നിവ സംരക്ഷിക്കുക, കലാകാരൻമാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി പദ്ധതി ആവിഷ്‌ക്കരിക്കുക, ഒരു ഫോക്‌ലോർ മ്യൂസിയം സ്ഥാപിക്കുക, കലാകാരൻമാർക്ക് ചികിത്സാസഹായം നൽകുക, ഫോക്‌ലോർ ലൈബ്രറി സ്ഥാപിക്കുക, ഫോക്‌ലോർ പൈതൃക സംരക്ഷണത്തിനായി കലാഗ്രാമം സ്ഥാപിക്കുക എന്നിവയാണ് ഫോക്‌ലോർ അക്കാദമിയുടെ പ്രവർത്തനങ്ങളും പദ്ധതികളും.

(ബി) നാടൻകലാകാരൻമാർക്ക് ഫെലോഷിപ്പുകളും അവാർഡുകളും നൽകുക, രോഗബാധിതരായ കലാകാരൻമാർക്ക് 10,000 രൂപ വരെ ചികിത്സാ ധനസഹായം നൽകുക, നാടൻകലാ പഠനത്തിൽ താൽപ്പര്യമുള്ള 200-ലധികം കുട്ടികൾക്ക് പ്രതിമാസം 200 രൂപാവീതം സ്റ്റൈപ്പന്റ് നൽകുക, നാടൻകലാ രൂപങ്ങൾ അവതരിപ്പിക്കാൻ വേദികൾ നൽകുക, സെമിനാറുകളും ശില്പശാലകളും സംഘടിപ്പിക്കുക, കോളേജ് സ്കൂൾ തലത്തിൽ ഫോക്‌ലോർ ക്ലബ്ബുകൾ രൂപീകരിച്ച് അവർക്ക് പരിപാടി നൽകുക, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നാടൻ കലാമേളകൾ അവതരിപ്പിക്കുക, നാടൻകലകളുടെ പഠനം, ഗവേഷണം, പ്രസാരണം, നാടൻകലാപരിപാടികളുടെ പ്രതിമാസ അവതരണം, ടൂറിസം വകുപ്പിന്റെ ഉത്സവം പരിപാ ടിയിൽ നാടൻകലാരൂപങ്ങൾ അവതരിപ്പിക്കുക, മ്യൂസിയം, ആർക്കൈവ്സ് എന്നിവ വിപുലീകരിക്കുക, കീഴാളകലകളേയും സംസ്കൃതിയേയും സമൂഹമദ്ധ്യത്തിൽ ഉയർത്തിക്കൊട്ടുക, പൊലി ചതുർമാസിക പ്രസിദ്ധീകരിക്കുക, ചെറുശ്ശേരി സ്മൃതിഗോപുരം, കണ്ണപുരം കേന്ദ്രമാക്കി കലാഗ്രാമം എന്നിവയാണ് അക്കാദമി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ.

(സി) ഇപ്പോൾ അക്കാദമിയിൽ ഗവേഷണത്തിനായി 320-ൽ അധികം ഇനങ്ങളുള്ള ഒരു ഫോക്‌ലോർ മ്യൂസിയവും, ലൈബ്രറിയുമുണ്ട്. കേരളത്തിന്റെ നാടൻകലകളിൽ മിക്കതും സി.ഡി.യിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. പുതിയ കെട്ടിട സമുച്ചയത്തിന്റെ രണ്ടാംനിലയിൽ പുരാരേഖാ റെക്കോർഡിംഗ് സ്റ്റുഡിയോ സ്ഥാപിക്കുന്നതിനും ഇതൊരു ഗവേഷണ കേന്ദ്രമായി വികസിപ്പി ക്കുന്നതിനും ഉദ്ദേശിക്കുന്നു.

(ഡി) ഉണ്ട്. (അംഗങ്ങളുടെ ലിസ്റ്റ് ഉള്ളടക്കം ചെയ്തിട്ടുണ്ട്).*

(ഇ) ഫോക്‌ലോർ അക്കാദമിയിൽ ലൈബ്രറിയുണ്ട്. സ്റ്റാഫിന്റെ തസ്തിക സൃഷ്ടിക്കുന്നതിനായി അക്കാദമിയിൽനിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(എഫ്) ലൈബ്രറി ഇപ്പോൾ പ്രവർത്തനയോഗ്യമാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly